**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1738** **08-10-2021 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി. ബസ്സർവ്വീസുകൾ പുന:സ്ഥാപിക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | **Shri Antony Raju**<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കോവിഡിന്റെ പശ്ചാത്തലത്തിൽ വെട്ടിക്കുറച്ച കെ.എസ്.ആർ.ടി.സി.യുടെ ബസ് സർവ്വീസുകൾ പുന:സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | 2021 മാർച്ചിൽ കോവിഡ് നിയന്ത്രണങ്ങളിൽ ഇളവുവന്ന കാലയളവിൽ സർവ്വീസ് നടത്തിയിരുന്ന കെ.എസ്.ആർ.ടി.സി സർവ്വീസുകൾ പുനരാരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. യാത്രക്കാർക്കും പൊതുജനങ്ങൾക്കും യാത്രാക്ലേശം ഉണ്ടാകാത്ത രീതിയിൽ രാവിലേയും, വൈകുന്നേരവും കൂടുതൽ ട്രിപ്പുകൾ നടത്തുന്ന രീതിയിലും, യാത്രക്കാരുടെ ലഭ്യതയ്ക്കനുസരിച്ചും, കോർപ്പറേഷന് ഗുണകരമായ രീതിയിലും അധിക ട്രിപ്പുകൾ നടത്തുന്ന രീതിയിലാണ് സർവ്വീസുകൾ പുനഃക്രമീകരിച്ചിട്ടുള്ളത്. എന്നാൽ കടുത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നു പോകുന്ന നിലവിലെ സാഹചര്യത്തിൽ യാത്രക്കാർ തീരെ കുറവുള്ള റൂട്ടുകളിലും സമയങ്ങളിലും ഡീസൽ ചെലവിനുള്ള വരുമാനം പോലും ലഭിക്കാത്ത ട്രിപ്പുകളും / സർവ്വീസുകളും പുനഃക്രമീകരിച്ച് ജനോപകാര പ്രദമാക്കി കൂടുതൽ വരുമാനം ലഭിക്കുന്ന രീതിയിൽ പുനഃസ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | തൃശ്ശൂർ, പുതുക്കാട്, ചാലക്കുടി കെ.എസ്.ആർ.ടി.സി.സ്റ്റാന്റുകളിൽ നിന്നും ഉൾനാടൻ മലയോര ഗ്രാമങ്ങളിലേയ്ക്ക് നടത്തിയിരുന്ന സർവ്വീസുകൾ വെട്ടിക്കുറച്ചത് അടിയന്തരമായി പുന:സ്ഥാപിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ? | (ബി) | 2021 മാർച്ചിൽ കോവിഡ് നിയന്ത്രണങ്ങളിൽ ഇളവുവന്ന കാലയളവിൽ സർവ്വീസ് നടത്തിയിരുന്ന കെ.എസ്.ആർ.ടി.സി സർവ്വീസുകൾ പുനരാരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. യാത്രക്കാർക്കും പൊതുജനങ്ങൾക്കും യാത്രാക്ലേശം ഉണ്ടാകാത്ത രീതിയിൽ രാവിലേയും, വൈകുന്നേരവും കൂടുതൽ ട്രിപ്പുകൾ നടത്തുന്ന രീതിയിലും, യാത്രക്കാരുടെ ലഭ്യതയ്ക്കനുസരിച്ചും, കോർപ്പറേഷന് ഗുണകരമായ രീതിയിലും അധിക ട്രിപ്പുകൾ നടത്തുന്ന രീതിയിലാണ് സർവ്വീസുകൾ പുനഃക്രമീകരിച്ചിട്ടുള്ളത്. എന്നാൽ കടുത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നു പോകുന്ന നിലവിലെ സാഹചര്യത്തിൽ യാത്രക്കാർ തീരെ കുറവുള്ള റൂട്ടുകളിലും സമയങ്ങളിലും ഡീസൽ ചെലവിനുള്ള വരുമാനം |

| | | | |
|---|---|---|---|
| | | | പോലും ലഭിക്കാത്ത ട്രിപ്പുകളും / സർവ്വീസുകളും പുനഃക്രമീകരിച്ച് ജനോപകാര പ്രദമാക്കി കൂടുതൽ വരുമാനം ലഭിക്കുന്ന രീതിയിൽ പുനഃസ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ